# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 12, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി**

**റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി**

## ഹെലി ടൂറിസം നയം

*91 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി ദെലീമ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനുകളുമായി കിടപിടിക്കുന്ന തരത്തിലേയ്ക്കുയർത്താൻ നടപ്പാക്കുന്ന നൂതന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്രാസമയം കുറയ്ക്കുന്നതിനും ഭൂപ്രകൃതി ആസ്വദിക്കുന്നതിന് സഞ്ചാരികളെ പ്രാപ്തരാക്കുന്നതിനുമായി ഹെലിടൂറിസം നടപ്പാക്കുന്നതിന് മുന്നോടിയായി ഹെലിടൂറിസം നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഹെലിടൂറിസം പദ്ധതിയുടെ ഏകോപനം ഏതൊക്കെ വകുപ്പുകളുടെ സഹായത്തോടെ സാധ്യമാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ഡി) വിനോദസഞ്ചാരികൾക്ക് ഹെലികോപ്റ്റർ യാത്രയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

## തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി പെൻഷൻ കുടിശിക

*92 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം മാസങ്ങളായി മുടങ്ങിയിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ അംശദായം അടച്ച നിരവധി വ്യക്തികൾക്ക് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം മുടങ്ങാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ മുടങ്ങിക്കിടക്കുന്ന ക്ഷേമനിധി പെൻഷൻ കുടിശിക അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>2009-ലെ വിദ്യാഭ്യാസ അവകാശ നിയമം</u>

*93 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും പ്രസ്തുത വിജ്ഞാപനം സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ എങ്ങനെയാണ് ബാധിക്കുകയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത വിജ്ഞാപന പ്രകാരം നിശ്ചിത പഠനശേഷി ആർജ്ജിക്കാത്ത വിദ്യാർത്ഥികളെ തോൽപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ വിജ്ഞാപനം പൊതുവിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കാനായി കുട്ടികളുടെ പഠനശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>സുസ്ഥിര വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ</u>

*94 **ശ്രീ. ആന്റണി ജോൺ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര വന്യജീവി വിനോദസഞ്ചാര മേഖലയിലെ നൂതനമായ പദ്ധതികൾക്കുള്ള അന്താരാഷ്ട്ര അംഗീകാരം നേടിയെടുക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സുസ്ഥിര വിനോദസഞ്ചാര മേഖലയിൽ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച് വ്യക്തമാക്കുമോ;

(സി) ഇക്കോ ടൂറിസം പദ്ധതികൾക്ക് അർഹമായ പ്രാധാന്യം നൽകി നടപ്പാക്കുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## മലയോര ഹൈവേ

*95 **ശ്രീ. എം. എം. മണി**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ കടന്നുപോകുന്ന എല്ലാ ജില്ലകളിലെയും മറ്റു റോഡുകളുമായുള്ള കണക്ടിവിറ്റി പൂർത്തീകരിക്കുന്ന വിധത്തിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) അവയിൽ പ്രവൃത്തി പൂർത്തിയായ റീച്ചുകളുടെ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) നിലവിൽ സാങ്കേതിക അനുമതി, ടെൻഡർ എന്നിവ നൽകിയ റീച്ചുകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ലാത്ത റീച്ചുകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ?

## ഐ.ടി. മേഖലയിലെ തൊഴിൽചൂഷണം

*96 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ബാധകമായ തൊഴിൽ നിയമങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രത്യേക നിയമം ഇല്ലാത്തതിനാൽ കൂടുതൽ സമയം ജോലി ചെയ്യിക്കുന്നതടക്കമുള്ള ചൂഷണങ്ങൾ ഈ മേഖലയിൽ നടക്കുന്നു എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ;

(സി) ഐ.ടി. മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിന് പ്രത്യേകമായ നിയമം കൊണ്ടുവരുമോ; വിശദമാക്കാമോ?

## കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ

*97 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ.വി.സുമേഷ്**

**ശ്രീ. പി. ടി. എ. റഹീം**

**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി സ്വീകരിച്ചു വരുന്ന നയപരിപാടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) ദേശീയ വിദ്യാഭ്യാസ നയമനുസരിച്ച് കേന്ദ്ര സർക്കാർ സ്കൂളുകളിൽ അഞ്ച്, എട്ട് ക്ലാസ്സുകളിൽ എല്ലാ കുട്ടികളെയും ജയിപ്പിക്കുന്ന നയം ഉപേക്ഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പതിനാറോളം സംസ്ഥാനങ്ങളിൽ നടപ്പാക്കിയിട്ടുള്ള പ്രസ്തുത നയം സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിന് ബദലായി കുട്ടികളുടെ പഠന നിലവാരം ഉയർത്താനായി നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്കരണങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ?

<u>**സംസ്ഥാന സ്കൂൾ കലോത്സവം ഗിന്നസ് ബുക്കിൽ**</u>

*98 **ശ്രീ വി ജോയി**

**ശ്രീ. കെ. എം. സച്ചിൻദേവ്**

**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാദങ്ങൾക്കോ തർക്കങ്ങൾക്കോ ഇട നൽകാതെ സംസ്ഥാന സ്കൂൾ കലോത്സവം സംഘാടക മികവിന്റെ മാതൃകയാക്കി തീർക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സ്കൂൾ കലോത്സവത്തെ ഏഷ്യയിലെ ഏറ്റവും വലിയ കലാമേള എന്ന നിലയിൽ ഗിന്നസ് ബുക്കിൽ വരുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) കലോത്സവത്തെ വരുംകാലങ്ങളിൽ കൂടുതൽ ആകർഷകമാക്കുന്നതിനും കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വിദേശ വിനോദ സഞ്ചാരികളെയടക്കം ആകർഷിക്കുന്നതിനും എന്തെല്ലാം പരിഷ്കാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിനും കലോത്സവത്തിന് പൊതു കലണ്ടർ കൊണ്ടുവരുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>**മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടലിലെ ദുരന്തബാധിതരെ പുനരധിവസിപ്പിക്കൽ**</u>

*99 **ശ്രീ. പി. നന്ദകുമാർ**

**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**

**ശ്രീ. കെ.കെ. രാമചന്ദ്രൻ**

**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ ദുരന്തമുഖത്ത് അടിയന്തര സഹായവുമായി എത്തിയ കേന്ദ്ര സർക്കാർ സംസ്ഥാനത്തു നടന്ന ദുരന്തത്തിൽ വ്യത്യസ്ത സമീപനം സ്വീകരിച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) വയനാട് ദുരന്തത്തെ അതിതീവ്ര ദുരന്തത്തിന്റെ ഗണത്തിൽപ്പെടുന്നതായി വിജ്ഞാപനം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ കാലതാമസം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എസ്.ഡി.ആർ.എഫ്. തുക വയനാട് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്നും ഈ വിഷയത്തിന്റെ നിലവിലെ സ്ഥിതിയെന്തെന്നും അറിയിക്കുമോ?

## <u>സംസ്ഥാനപാതകൾ</u>

*100 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപാതകളുടെ നിലവിലെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതുതായി സംസ്ഥാനപാതകളായി പരിവർത്തനപ്പെടുത്തിയിട്ടുള്ളത് ഏതെല്ലാം പാതകളെയാണ്; പുതിയ പാതകളെ സംസ്ഥാനപാതകളാക്കി മാറ്റുന്നതിനുള്ള മാനദണ്ഡമെന്താണ്; വിശദമാക്കുമോ;

(സി) പ്രധാന ടൂറിസ്റ്റ്കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകൾ സംസ്ഥാനപാതകളായി വികസിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും സഞ്ചരിക്കുന്ന യാത്രക്കാരുടെ ആവശ്യങ്ങൾക്കുതകുംവിധം സംസ്ഥാനത്ത് റോഡ് കണക്ടിവിറ്റി വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>ജലാശയങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ടൂറിസം</u>

*101 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എം.വിജിൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാറിലെ ജലാശയങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ടൂറിസം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ബോട്ട് ടെർമിനലുകൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം ബീച്ചുകളാണ് വികസിപ്പിക്കാൻ നിശ്ചയിച്ചിരുന്നതെന്നും അവയുടെ വികസനം പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

## ഒളിമ്പിക്സ് മാതൃകയിൽ സംസ്ഥാന സ്കൂൾ കായിക മേള

*102 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരിത്രത്തിലാദ്യമായി ഒളിമ്പിക്സ് മാതൃകയിൽ സംസ്ഥാന സ്കൂൾ കായിക മേള സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; സ്കൂൾ കായികമേള സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഒളിമ്പിക്സ് മാതൃകയിലുള്ള സംസ്ഥാന സ്കൂൾ കായികമേള എല്ലാ വർഷവും സംഘടിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ കായികാഭിരുചിയും കായികശേഷിയും വളർത്തുന്നതിനായി സ്വീകരിച്ച വരുന്ന പ്രവർത്തനങ്ങൾ മേളയുടെ വിജയത്തിന് കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ടൂറിസം ക്ലബ്ബുകൾ

*103 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ വി ജോയി**
**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ ആശയങ്ങളും സാധ്യതകളും ഫലപ്രദമായി വിനിയോഗിക്കാൻ സാധ്യമാവുംവിധം ടൂറിസ്റ്റ് ക്ലബ്ബുകൾ ആരംഭിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) നിലവിൽ എത്ര കോളേജുകളിൽ ടൂറിസം ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(സി) ടൂറിസം ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പ് ധനസഹായം നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) പഠനകാലത്ത് തന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സമ്പാദ്യശീലം വളർത്താനും കഴിയുംവിധം ടൂറിസം ക്ലബ്ബുകളെ പരിവർത്തനപ്പെടുത്താൻ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; വിശദമാക്കുമോ?

## മലബാർ മേഖലയിലെ ടൂറിസം

*104 **ശ്രീ. എം.വിജിൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ ടൂറിസം കേന്ദ്രങ്ങളെ അന്തർദേശീയ ടൂറിസം മാപ്പിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്നും ഓരോ പദ്ധതികളുടെയും നിലവിലെ പുരോഗതിയും അറിയിക്കാമോ;

(സി) മലബാർ മേഖലയിൽ വിനോദസഞ്ചാരികൾക്കായി വൈവിധ്യമാർന്ന താമസസൗകര്യങ്ങൾ ഒരുക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ഡി) മലബാറിലെ വിവിധ ഫെസ്റ്റിവലുകളെ വിനോദസഞ്ചാരവുമായി കോർത്തിണക്കാൻ പദ്ധതികളുണ്ടോ; വിശദമാക്കുമോ?

## ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടി

*105 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഭൂമി തരംമാറ്റത്തിനായി ലഭിച്ച അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ചെയ്തുവരുന്നത്; ഇതിനായി പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് പ്രത്യേക ഓൺലൈൻ മൊഡ്യൂൾ വികസിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഭൂമി തരംമാറ്റത്തിനായി ലഭിച്ച അപേക്ഷകൾ, തീർപ്പാക്കിയവ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പത്ത് സെന്റ് വരെയുള്ള കൈവശ ഭൂമിയിൽ സ്വന്തം ആവശ്യത്തിന് വീട് നിർമ്മിക്കുന്നതിന് പെർമിസ്സീവ് സാങ്ക്ഷൻ നൽകുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## ഭൂമി തരംമാറ്റൽ വേഗത്തിലാക്കാൻ നടപടി

*106 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റൽ നടപടികൾ വേഗത്തിലാക്കുന്നതിനായി താലൂക്ക് തലത്തിൽ വികേന്ദ്രീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടും അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ പുനർവിന്യാസവും സോഫ്റ്റ്‌വെയർ ക്രമീകരണവും ഏർപ്പെടുത്തിയിട്ടും ഉദ്യോഗസ്ഥർ ഉത്തരവാദിത്വം കാട്ടുന്നില്ലെന്ന ആക്ഷേപം പരിശോധിക്കുമോ;

(സി) സർക്കാരിന് സാമ്പത്തിക ലാഭമുണ്ടാക്കുന്ന തരംമാറ്റൽ നടപടികൾ വേഗത്തിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## കാസർഗോഡ്-തിരുവനന്തപുരം ദേശീയപാത

*107 **ശ്രീമതി യു പ്രതിഭ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-തിരുവനന്തപുരം ദേശീയപാതയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ദേശീയപാതയുടെ ഓരോ റീച്ചിലും നിർമ്മാണ പ്രവർത്തനങ്ങൾ എത്ര ശതമാനം വീതം പൂർത്തിയായിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ദേശീയപാതയിൽ എത്ര വീതം അടിപ്പാതകളുടെയും മേൽപ്പാലങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും നിർമ്മാണം നടന്നുവരുന്നവയുടെ പുരോഗതിയും വിശദമാക്കുമോ;

(ഡി) അടിപ്പാതകളോ മേൽപ്പാലങ്ങളോ കൂടുതൽ വേണമെന്ന പ്രാദേശികമായ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഗണിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് ദേശീയപാതയുടെ നിർമ്മാണ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## ദേശീയ പാത 66 നിർമ്മാണം

*108 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ വി ശശി**
**ശ്രീ ജി എസ് ജയലാൽ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികസനത്തിന് ദേശീയപാത 66 ന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിന്റെ സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ദേശീയപാത 66 തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള വിവിധങ്ങളായ റീച്ചുകളിൽ നാഷണൽ ഹൈവേ അതോറിറ്റി നിശ്ചയിച്ചിട്ടുള്ള സമയക്രമം പാലിച്ച് കരാർ കമ്പനികൾ നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുമോ;

(സി) ദേശീയപാതയുടെ നിർമ്മാണത്തിന് ആവശ്യമായ മണ്ണ് ലഭ്യമാകാത്തത് മൂലമുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് വാഹന ഗതാഗതം ക്രമീകരിച്ചിട്ടുള്ള റോഡുകളിൽ ആവശ്യമായ ഗതാഗത സൂചകങ്ങൾ സ്ഥാപിക്കാത്തതുമൂലം റോഡപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; വിശദീകരിക്കുമോ?

## സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ നടപടി

*109 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കിടയിൽ സിന്തറ്റിക് ലഹരി അടക്കമുള്ള ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികളെ ലഹരി വിൽപ്പനയുടെ ക്യാരിയർമാരായി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും സ്കൂൾ പരിസരത്തെ ലഹരി വിൽപ്പന തടയുന്നതിനും എക്സൈസ് വകുപ്പുമായി ചേർന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ രക്ഷിതാക്കളുടെ പങ്കാളിത്തത്തോടുകൂടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ?

## വയനാട് ജില്ലയിലെ പ്രതിസന്ധിയിലായ ടൂറിസം

*110 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. ടി. എ. റഹീം**

**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വയനാട് ജില്ലയിൽ പ്രതിസന്ധിയിലായ ടൂറിസം മേഖലയെ സംരക്ഷിക്കാനും പുരോഗതിയിലേക്ക് നയിക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇപ്രകാരം സ്വീകരിച്ച നടപടികളിലൂടെ പ്രതിസന്ധിയിലായ ടൂറിസം മേഖലയെ സജീവമാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ടൂറിസം മേഖലകളിൽ ശാസ്ത്രീയമായ ദുരന്ത മുന്നറിയിപ്പുകൾ ജനങ്ങളിൽ എത്തിക്കാനും പ്രത്യേക സുരക്ഷ ഉറപ്പുവരുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മലയോര ടൂറിസം മേഖലയെക്കുറിച്ച് പ്രത്യേക പഠനങ്ങൾ നടത്തുകയും അത്തരം മേഖലകൾ വികസിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനം</u>

*111 **ശ്രീ പി എസ് സുപാൽ**

**ശ്രീ. ഇ കെ വിജയൻ**

**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി സംബന്ധമായ തർക്കങ്ങളില്ലാത്ത നാടായി മാറ്റുന്നതിന് നടപ്പിലാക്കിവരുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഓരോ വ്യക്തിയുടെയും കൈവശത്തിലിരിക്കുന്ന ഭൂമിയുടെ യഥാർത്ഥ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തി ഡിജിറ്റൽ രേഖയായി സൂക്ഷിക്കുന്ന നടപടികളുടെ പുരോഗതി വിശദീകരിക്കാമോ;

(സി) സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനം നടപ്പിലാക്കുന്നതിന്റെ പുരോഗതി വിശദീകരിക്കുമോ;

(ഡി) ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ച വില്ലേജുകളിൽ റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സംയോജിത പോർട്ടൽ നിലവിൽ വരുന്നതോടെ ജനങ്ങൾക്കുണ്ടാകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

## <u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കുടിശിക</u>

*112 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ**

**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**

**ശ്രീ. പി. സി. വിഷ്ണുനാഥ്**

**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ വിഹിതത്തിൽ കേന്ദ്ര സർക്കാർ കുടിശിക വരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിഹിതത്തിൽ സംസ്ഥാന സർക്കാർ

കുടിശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്ര, സംസ്ഥാന സർക്കാരുകൾ യഥാസമയം പണം അനുവദിക്കാത്തതിനാൽ സ്കൂളുകളിലെ പ്രധാന അധ്യാപകർ സാമ്പത്തിക ബാധ്യത നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാങ്കേതികമായ കാര്യങ്ങൾ പരിഹരിച്ച് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ തുക എല്ലാമാസവും നൽകി പദ്ധതിയുടെ നടത്തിപ്പ് സുഗമമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## 'എന്റെ കേരളം എത്ര സുന്ദരം' ക്യാമ്പയിൻ

*113 **ശ്രീ. എ. രാജ**

**ശ്രീ. പി. നന്ദകുമാർ**

**ശ്രീ. കെ. ആൻസലൻ**

**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് ആരംഭിച്ച 'എന്റെ കേരളം എത്ര സുന്ദരം' ക്യാമ്പയിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത ക്യാമ്പയിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) വിദേശ വിനോദസഞ്ചാരികളെ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## റോഡ് സുരക്ഷാ ഓഡിറ്റ്

*114 **ശ്രീ. എൻ. ഷംസുദ്ദീൻ**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുന്നതിൽ ഗുരുതരമായ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) റോഡ് സുരക്ഷാ വിഷയത്തിൽ വൈദഗ്ധ്യമുള്ളവർ അപകട സാധ്യതയുള്ള സ്ഥലം സന്ദർശിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാറുണ്ടോ;

(സി) കൂടുതൽ ഉദ്യോഗസ്ഥർക്ക് റോഡ് സുരക്ഷയിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മരാമത്ത് വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## പൊതുമരാമത്തുമായി ബന്ധപ്പെട്ട പരാതികളും നിർദേശങ്ങളും

*115 **ശ്രീ ഡി കെ മുരളി**
**ശ്രീ. എം. എം. മണി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തുമായി ബന്ധപ്പെട്ട പരാതികളും നിർദേശങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സംവിധാനം വഴി ലഭിച്ച പരാതികൾക്ക് പരിഹാരം കാണുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സോഷ്യൽ മീഡിയ വഴി ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## ഹെലി ടൂറിസം

*116 **ശ്രീ എം മുകേഷ്**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെലി ടൂറിസം നയം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നയം സംസ്ഥാനത്തിന്റെ ടൂറിസം മേഖലയിൽ ഉണ്ടാക്കുന്ന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഹെലി ടൂറിസം പദ്ധതിയിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം ലഭിക്കാൻ നടപടി

*117 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചകത്തൊഴിലാളികൾ രണ്ടുമാസമായി വേതനം കിട്ടാതെ പ്രതിസന്ധിയിലായ സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) 2024 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ പൂർണ്ണ വേതനം സ്കൂൾ പാചകത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) അഞ്ഞൂറ് കുട്ടികൾക്ക് ഒരു തൊഴിലാളി എന്ന അനുപാതത്തിലാണോ നിലവിൽ പാചകത്തൊഴിലാളികളെ നിയമിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അനുപാതം മാറ്റി പകരം നൂറ്റിയൻപത് കുട്ടികൾക്ക് ഒരു പാചകത്തൊഴിലാളി എന്നാക്കാൻ നടപടി കൈക്കൊള്ളുമോ?

## മഴവില്ല് ടീച്ച് സയൻസ് ഫോർ കേരള

*118 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനും ശാസ്ത്ര പഠന ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ലഘു പരീക്ഷണങ്ങളിലൂടെയും പഠനയാത്രകളിലൂടെയും പ്രകൃതി നിരീക്ഷണത്തിലൂടെയും ചുറ്റുപാടുകളിലെ ശാസ്ത്ര അറിവുകൾ സ്വായത്തമാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിന് മഴവില്ല് ടീച്ച് സയൻസ് ഫോർ കേരള എന്ന പദ്ധതി നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടിക്സും കുട്ടികൾക്ക് പരിചയപ്പെടുത്താൻ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

## ഉത്തരവാദിത്ത ടൂറിസം

*119 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ അന്താരാഷ്ട്രതലത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ മാതൃകാ ഹബ്ബായി മാറ്റുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉത്തരവാദിത്ത ടൂറിസം രംഗത്ത് ലോക ശ്രദ്ധയാകർഷിക്കുന്ന തരത്തിൽ സംസ്ഥാനത്തു നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ഉത്തരവാദിത്ത ടൂറിസത്തിന്റെ നേട്ടം ഈ രംഗത്തെ സ്ത്രീ പങ്കാളിത്തമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ രംഗത്ത് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങൾ

*120 **ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നിയമനങ്ങൾക്ക് നിലവിലെ മാനദണ്ഡപ്രകാരം എത്ര ശതമാനം വീതമാണ് സംവരണം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ദിവ്യാംഗർക്കും (പി. എച്ച്.) സീനിയോരിറ്റി നഷ്ടപ്പെടാത്തവിധം രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യിക്കുന്നതിനും പരമാവധിപേർക്ക് നിയമന ശിപാർശകൾ വേഗത്തിൽ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 ഫെബ്രുവരി 3, തിങ്കൾ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].